# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2739 — 17/6/2019-ലെ മറുപടി

## വാട്ടർ അതോറിറ്റിയിൽ വിപുലമായ ഐ.ടി. വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ബില്ലിംഗിനും കളക്ഷനും അക്കൗണ്ടിങ്ങിനും വേണ്ടിയുള്ള 'ഇ-അബാക്കസ്' ആണ് കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന പ്രധാന സോഫ്റ്റ്‌വെയർ. പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരിഹാര നിരീക്ഷണത്തിനുമായി 'ജനമിത്ര' എന്ന സോഫ്റ്റ്‌വെയറും നിലവിലുണ്ട്. കൂടാതെ, ഇല്ക്ട്രോണിക് ഫയലിംഗ് സിസ്റ്റമായ ഡി.ഡി.എഫ്.എസ്, എച്ച്.ആർ സ്റ്റാഫ് മാനേജ്മെന്റിനായി മാർച്ച് സോഫ്റ്റ്‌വെയർ, മെയിന്റനൻസ് ബിൽ മോണിറ്ററിംഗിനായി ബിൽ മോണിറ്ററിംഗ് സിസ്റ്റം, ജി.പി.എഫ് മാനേജ്മെന്റ് സിസ്റ്റം, അഡ്വർടൈസ്മെന്റ് മാനേജ്മെന്റ് സിസ്റ്റം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം ഉൾപ്പെടെ വാട്ടർ അതോറിറ്റിയുടെ വിവിധ ആവശ്യങ്ങൾക്കായി അനുയോജ്യമായ പല സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുന്നു.<br>വാട്ടർ അതോറിറ്റിയുടെ സകല ആവശ്യങ്ങളും ഒരു കുടക്കീഴിൽ ഉൾപ്പെടുത്തുന്ന തരത്തിൽ ഇ.ആർ.പി സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

JSK/

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ഇ.ബി.യുടെ മാതൃകയിൽ വാട്ടർ അതോറിറ്റിയിൽ വിപുലമായ ഐ.ടി. വിഭാഗം രൂപീകരിക്കുവാൻ തയ്യാറാകുമോ; | (ബി) | വാട്ടർ അതോറിറ്റിയിലെ യോഗ്യതയും പരിചയവുമുള്ള ജീവനക്കാരെ കണ്ടെത്തി നിലവിലുള്ള വിർച്വൽ ഐ.ടി വിഭാഗം വിപുലീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (സി) | വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗത്തിന്റെ തലവനായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നുള്ള ഐ.ടി. വിദഗ്ധനെ നിയമിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആളെ നിയമിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/